'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം) നം.482/2017-ന്മേലുള്ള 30.05.2018-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.218/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/02/2019

---

പരാമർശം:- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ (ഇ.കെ.എം.) നം.482/2017-ന്മേലുള്ള 30.05.2018-ലെ വിധിന്യായം

**ഉത്തരവ്**

ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി. എം.എസ്. ചന്ദ്രവല്ലി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.482/2017-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശ ഉത്തരവിൽ ശ്രീമതി. എം.എസ്. ചന്ദ്രവല്ലിക്ക് 2009-ൽ കിട്ടേണ്ടിയിരുന്ന വാർഷിക ശമ്പള വർദ്ധനവ് അനുവദിച്ച ഉത്തരവാകണമെന്നും തത് ഫലമായി ഉണ്ടാകുന്ന ശമ്പളം, ശമ്പള പരിഷ്കരണം, പെൻഷൻ എന്നിവയിലുണ്ടാകുന്ന ആനുകൂല്യങ്ങൾ അപേക്ഷകയ്ക്ക് അനുവദിച്ച് നൽകുന്നതിന് അപേക്ഷകയെ നേരിൽ കേട്ട് മൂന്ന് മാസത്തിനകം തീരുമാനം കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 06.07.2018-ൽ ശ്രീ. എം.എസ്. ചന്ദ്രവല്ലിയെ നേരിൽ കേട്ടു.

3.ശ്രീമതി എം.എസ്. ചന്ദ്രവല്ലിയെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. എം.എസ്. ചന്ദ്രവല്ലിക്ക് 09/2009-ൽ കിട്ടേണ്ടിയിരുന്ന വാർഷിക ശമ്പള വർദ്ധനവ് അനുവദിച്ചു നൽകേണ്ടതായും അതിന്റെ അടിസ്ഥാനത്തിൽ ശമ്പളം നിർണ്ണയിക്കുന്നതിന് റീ - ഓപ്ഷൻ നൽകുന്നതിനും അർഹതയുള്ളതായി കണ്ടെത്തി. ഈ സാഹചര്യത്തിൽ ശ്രീമതി. എം.എസ്. ചന്ദ്രവല്ലിക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് റീ-ഓപ്ഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ പരാമർശിത ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

1. ശ്രീമതി എം.എസ്. ചന്ദ്രവല്ലി (റിട്ടയേർഡ് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്)തിരുവോണം, അവലൂർ മഠം വടക്ക്, തട്ടംപള്ളി പി.ഒ, ആലപ്പുഴ-688 013
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ